വാരാന്ത്യപതിപ്പ് ലക്കം-46 | APRIL 3 - APRIL 9

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## ഉള്ളടക്കം

എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്
പേജ് 1

നാഷണൽ മാരിടൈം ഡേ
പേജ് 1

ലോകാരോഗ്യ ദിനം
പേജ് 2

ലോക ഓട്ടിസം ദിനം
പേജ് 3

അഗ്വഞ്ചർ
പേജ് 3

അഭയം
പേജ് 3

സ്വാദ്
പേജ് 4

അക്ഷരാഗ്നി
പേജ് 4

ചോദ്യം ഉത്തരം
പേജ് 5

ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോപോഡ്സ്

"എൽ ജി ബി ടി ക്യു പ്ലസ് ആൻഡ് ജെൻഡർ സ്പെക്ട്രം" എന്ന വിഷയത്തിൽ സോഷ്യോപോഡ്സിന്റെ നാല്പത്തിയെട്ടാം എപ്പിസോഡ് ഏപ്രിൽ നാല് തിങ്കളാഴ്ച വൈകീട്ട് ആറുമണിക്ക് പുറത്തിറക്കി.എൽ ജി ബി ടി കമ്മ്യൂണിറ്റിയെക്കുറിച്ചും അവർ സമൂഹത്തിൽ നേരിടുന്ന പ്രശ്നങ്ങളെയും, വിമർശനങ്ങളെക്കുറിച്ചും അവരോട് നമ്മൾ എങ്ങനെ സമീപിക്കണം എന്നും വളന്റിയർ ഗൗതമി പ്രസാദ് സംസാരിച്ചു. തുല്യ അവകാശങ്ങളും, സ്വയം പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യവും ഉള്ളതിനാൽ അവരെ മറ്റുള്ളവരെപ്പോലെ തുല്യമായി പരിഗണിക്കേണ്ടത് പ്രധാനമാണെന്ന് ഓർമിപ്പിക്കുകയും, ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.


## നാഷണൽ മാരിടൈം ഡേ

ഏപ്രിൽ അഞ്ച് ചൊവ്വാഴ്ച എൻ എസ് എസ് യൂണിറ്റുകൾ "നാഷണൽ മാരിടൈം ഡേ" ആചരിച്ചു. ലോക സമ്പദ്‌വ്യവസ്ഥയിൽ, പ്രത്യേകിച്ച് ഷിപ്പിംഗിൽ അന്താരാഷ്ട്ര സമുദ്ര വ്യവസായത്തിന്റെ സംഭാവന ശ്രദ്ധയിൽപ്പെടുത്തുകയെന്നതാണ് ഈ ദിനത്തിന്റെ ലക്ഷ്യം.ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




## ലോകാരോഗ്യ ദിനം


ഏപ്രിൽ ഏഴ് എൻ എസ് എസ് വളന്റിയേഴ്സ് "ലോകാരോഗ്യ ദിനമായി" ആചരിച്ചു. ആരോഗ്യ സംബന്ധിയായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ലോകമെമ്പാടുമുള്ള ആളുകളുടെ പ്രത്യേക ആരോഗ്യ പ്രശ്നങ്ങളിലേക്ക് ശ്രദ്ധ ആകർഷിക്കുന്നതിനുമായി ലോകാരോഗ്യ സംഘടനയുടെ ലക്ഷ്യത്തിന് അനുസൃതമായി വർഷം തോറും ഈ ദിനം ആചരിച്ചു വരുന്നു. ദിനവുമായി ബന്ധപ്പെട്ട് 'നമ്മുടെ ഭൂമി , നമ്മുടെ ആരോഗ്യം' എന്ന മുദ്രാവാക്യം അടങ്ങുന്ന പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.






# ലോക ഓട്ടിസം ദിനം

സെന്റ് തോമസ് കോളേജ് (ഓട്ടോണോമസ്), തൃശ്ശൂരിലെ എൻ എസ് എസ് യൂണിറ്റുകളായ **42 & 144** ലോക ഓട്ടിസം ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ് ഡോ.ഇന്ദു ജോഷിയാണ് (ഇൻമൈന്റ് ഹോസ്പിറ്റൽ.മിണാലൂർ) ക്ലാസ്സ് നയിച്ചത്.ഓട്ടിസം ബാധിച്ചവർ സാധാരണക്കാരിൽ നിന്ന് വ്യത്യസ്തരാണെന്നും,അവർക്കു സാധാരണക്കാരിൽ നിന്നു തികച്ചും വ്യത്യസ്തരാക്കുന്ന കഴിവ് ഉണ്ടായിരിക്കുമെന്നും,അതിൽ അവർ മികച്ചവരായിരിക്കുമെന്നും, ഈ ദിനത്തോടനുബന്ധിച്ച് ക്ലാസ്സുകളല്ല, അതിലുപരി അവരും നമ്മളെ പോലെ മനുഷ്യരാണെന്ന് പരിഗണിക്കാനുള്ള മനസ്സാണ് വേണ്ടതെന്നും ഡോക്ടർ പറഞ്ഞു. പ്രശസ്തരായ പല വ്യക്തികളും ഓട്ടിസം സ്വഭാവം കാണിക്കുന്നവരാണന്നും, അവരിൽ പലരും തങ്ങളിലേക്കു തന്നെ ഉൾവലിഞ്ഞു ജീവിക്കുന്നവരാണെന്നും ഡോക്ടർ കൂട്ടി ചേർത്തു.പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ. രഞ്ജിത്ത് വർഗീസ്, ഡോ. വിമല കെ ജോൺ എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.എല്ലാ എൻ എസ് എസ് വളന്റിയേഴ്സും ഈ പരിപാടിയിൽ പങ്കെടുത്തു.





# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ  തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി  പുരോഗമിക്കുന്നു. വെള്ളിയാഴ്ച  രാവിലെ ഒമ്പത് മുതൽ  വൈകീട്ട് നാല് വരെ ഒൻപത് വളന്റിയേഴ്സ് കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പരിപാടിയുടെ പോസ്റ്ററും നിർമ്മിച്ചു.




# അഭയം

"അഭയം ഭവന നിർമ്മാണ പദ്ധതി" പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ മറ്റെല്ലാവരുടേയും സഹകരണത്തോടെ നല്ല രീതിയിൽ പുരോഗമിക്കുന്നു.

# സ്വാദ്

ഏപ്രിൽ ഒൻപത് ശനിയാഴ്ച്ച എൻ എസ് എസിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പൊതിച്ചോർ വിതരണമായ സ്വാദ് നടത്തി. തേക്കിൻകാട് മൈതാനത്തും,ശക്തൻ സ്റ്റാൻഡിലുമുള്ള നിർദ്ധരരായ വൃദ്ധർക്ക് പൊതിച്ചോർ വിതരണം ചെയ്തു. മൂന്ന് വളന്റിയേഴ്സ് ചേർന്ന് പതിനെട്ടോളം പൊതിച്ചോറാണ് വിതരണം ചെയ്തത്.








## ചോദ്യം ഉത്തരം

ഇന്ത്യയിൽ എത്ര എൻ എസ് എസ് റീജിയണൽ സെന്ററുകളാണുള്ളത് ?

- 15

## അക്ഷരാഗ്നി

അമൽ ജെയ്സൺ

# നഷ്ടപ്പെട്ട നീലാംബരി

_(മാധവിക്കുട്ടി)

നഷ്ടപ്പെട്ടുപോയ പ്രണയം തേടി മധുരയിലെത്തുന്ന ഡോക്ടർ സുഭദ്രയുടെ കഥയാണ് നഷ്ടപ്പെട്ട നീലാംബരി പറയുന്നത്. സ്ത്രീത്വത്തിന്റെ വൈവിധ്യമാർന്ന ഭാവതലങ്ങളെ ആവിഷ്കരിക്കുകയാണ് മാധവിക്കുട്ടി ഇവിടെ.ഇഷ്ടമില്ലാത്ത വിവാഹം കഴിക്കേണ്ടി വന്ന സുഭദ്ര.അവരുടെ മനസ്സിൽ കൗമാരത്തിൽ നഷ്ടപ്പെട്ട ശാസ്ത്രികളാണ്.ഭർത്താവ് ചന്ദ്രശേഖരനാകട്ടെ ഭാര്യ തന്നെ വേണ്ടവിധം പരിഗണിക്കുന്നില്ല എന്ന പരിഭവവും നിലനിൽക്കുന്നു. പക്ഷാഘാതം വന്നു ചന്ദ്രശേഖരൻ വൈകാതെ മരണത്തിനു കീഴടങ്ങുകയാണ്. ഭർത്താവിന്റെ അകാലത്തിലുള്ള വിയോഗം സുഭദ്രയെ വേട്ടയാടുന്നു.ഭർത്താവിന്റെ മരണശേഷം സുഭദ്ര മധുരയിലേക്ക് യാത്ര പോവുകയാണ്.മുല്ലയും,പിച്ചകവും,ജമന്തിയും മണക്കുന്ന തെരുവുകളിൽ, മധുരമീനാക്ഷി ക്ഷേത്രത്തിന്റെ അകത്തളങ്ങളിൽ സുഭദ്ര തേടുന്നത് നീലാംബരി രാഗത്തെയും, ഗായകനെയുമാണ്.സുഭദ്ര ശാസ്ത്രികളെ കണ്ടുമുട്ടുന്നു , ആ പഴയകൗമാരക്കാരിയെ, അവളിലെ നിഷ്കളങ്കമായ പ്രണയത്തെ നമുക്കിവിടെ വീണ്ടും കാണാം.എന്നാൽ തങ്ങളുടെ കടമകൾക്കും സൽപ്പേരിനും പ്രണയം വിലങ്ങുതടിയാകരുതെന്ന് ശാസ്ത്രികൾ ബോധ്യമാക്കുന്നിടത്ത് കഥ തീരുന്നു.അല്ലെങ്കിലും പ്രണയസാഫല്യമെന്നത് കേവലം വിവാഹം മാത്രമല്ലല്ലോ ...കാണാത്ത, എന്നോ തമ്മിലിഴുകി ഒന്നായി ചേർന്ന ആത്മാവുകളുടെ കണ്ടെത്തലും, ഇഴുകി ചേരലും കൂടിയാണല്ലോ.. !!! ഈ കഥയെ ആസ്പദമാക്കിയാണ് ശ്രീ. ലെനിൻ രാജേന്ദ്രൻ 'മഴ' എന്ന സിനിമ ചെയ്തിട്ടുള്ളത്. പ്രണയത്തിന്റെ തോരാമഴ തീർക്കുന്ന നീലാംബരി രാഗം പോലെ, ഈ കഥയും ഹൃദയത്തിൻ മൃദുല വികാരങ്ങൾ ഉണർത്തുന്നവയാണ്.



# ചിന്താവിഷയം

ഭാവി പ്രവചിക്കാൻ ഏറ്റവും നല്ല രീതി അത് സ്വയം നിർമ്മിച്ചെടുക്കുക എന്നുള്ളതാണ്.

-- എബ്രഹാം ലിങ്കൻ

@nss_stc_42_144